"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-കേരള സംസ്ഥാന ഫാർമസി കൗൺസിൽ- ജീവനക്കാര്യം- സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ 7,8,9 ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ നടപടിയും, സർക്കാർ അംഗീകൃത തസ്തികയിൽ നിയമിതരായ ദിവസ വേതനക്കാരായ ശ്രീ.സതീഷ് കുമാർ.ബി(ഡ്രൈവർ), ശ്രീമതി.ചിത്ര.എ(കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ്.(എൽ.ഡി. ക്ലർക്ക്) എന്നിവരെ റഗുലറൈസ് ചെയ്ത നടപടിയും സാധൂകരിച്ച്-ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.137/2025/H&FWD തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.33/93/ആ.കു.വ തീയതി 08/03/1993.
2. സ.ഉ.(കൈ) നം.89/94/ആ.കു.വ തീയതി 22/04/1994.
3. ശ്രീ. സതീഷ് കുമാർ. ബി, ശ്രീമതി. ചിത്ര. എ എന്നിവർ സമർപ്പിച്ച 26/02/2020 തീയതിയിലെ നിവേദനം.
4. ശ്രീമതി. ഗീത സി.എസ്സ് സമർപ്പിച്ച 01/02/2021, 15/02/2022 തീയതികളിലെ നിവേദനങ്ങൾ.
5. കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രാറുടെ 05/04/2022 തീയതിയിലെ ആർ.3047/2022/കെ.പി.സി നമ്പർ കത്ത്.
6. കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രാറുടെ 18/10/2022 തീയതിയിലെ ആർ.10746/2022/കെ.പി.സി നമ്പർ കത്ത്.
7. കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രാറുടെ 25/09/2023 തീയതിയിലെ ആർ.3119/2023/കെ.പി.സി നമ്പർ കത്ത്.
8. കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രാറുടെ 24/04/2024 തീയതിയിലെ ആർ.1876/2024/കെ.പി.സി നമ്പർ കത്ത്.

**ഉത്തരവ്**

ഫാർമസി ആക്ട് 1948-ലെ 19-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സംസ്ഥാന ഫാർമസി കൗൺസിൽ. 1948-ലെ ഫാർമസി ആക്ടിന്റെ സെക്ഷൻ 26 പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി സംസ്ഥാന ഫാർമസി കൗൺസിലിലേയ്ക്ക് ജീവനക്കാരെ കൗൺസിലിന് നിയമിക്കാവുന്നതാണ്. ചട്ടപ്രകാരം കേരള സംസ്ഥാന ഫാർമസി കൗൺസിലിലെ സേവനത്തിന് പെൻഷൻ നല്കാവുന്നതും അപ്രകാരം ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് പരാമർശം (1) പ്രകാരവും ആയതിന്റെ നടപടിക്രമം പരാമർശം (2) പ്രകാരവുമാണ് നടത്തി വരുന്നത്. പെൻഷനാകുന്ന ജീവനക്കാരുടെ യോഗ്യതയുള്ള സേവനകാലവും പെൻഷൻ കണക്കാക്കുന്നതിനായുള്ള വേതനവും മറ്റും കണക്കാക്കി

നൽകുന്നതിനുള്ള അധികാരം ഫാർമസി കൗൺസിലിനും പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിനുമാണ്. ഇതിനായുള്ള ചെലവ് കേരള സംസ്ഥാന ഫാർമസി കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്.

2. സർക്കാർ അംഗീകൃത തസ്തികകളിൽ ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ), ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ് (എൽ.ഡി ക്ലർക്ക്) എന്നീ ജീവനക്കാരെ താല്ക്കാലികാടിസ്ഥാനത്തിൽ കൗൺസിൽ നിയമിക്കുകയും 03/08/2002-ന് നടന്ന 32-മത് ജനറൽ കൗൺസിൽ തീരുമാന പ്രകാരം ഇവരുടെ നിയമനം സർക്കാരിന്റെ അനുമതി കൂടാതെ റഗുലറൈസ് ചെയ്യുകയും ചെയ്തു. ടി നിയമനങ്ങളെല്ലാം പത്ര പരസ്യത്തിന്റെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ഓപ്പൺ കോംപറ്റീഷൻ മുഖാന്തിരം വ്യവസ്ഥാപിതമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് പരാമർശം (6) പ്രകാരം ഫാർമസി കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ സർക്കാർ അംഗീകൃത തസ്തികകളിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീ.സതീഷ് കുമാർ.ബി(ഡ്രൈവർ), ശ്രീമതി.ചിത്ര.എ(കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ്.(എൽ.ഡി. ക്ലർക്ക്) എന്നിവർ തങ്ങളുടെ ടി തസ്തികയിലെ നിയമനം സാധൂകരിക്കണമെന്ന് പരാമർശം (3), (4) പ്രകാരം അപേക്ഷിച്ചിരുന്നു.

3. കേരള സംസ്ഥാന ഫാർമസി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം, 7,8,9 ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ സർക്കാർ അനുമതിയില്ലാതെ കൗൺസിൽ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിരുന്നു. ഇതിലേയ്ക്കായുള്ള ചിലവ് മുഴുവൻ കേരള സംസ്ഥാന ഫാർമസി കൗൺസിലിന്റെ ഫണ്ടിൽ നിന്നുമാണ് ചിലവഴിച്ചത്. സർക്കാർ അനുമതിയില്ലാതെ കൗൺസിലിലെ ജീവനക്കാർക്ക് 7,8.9 ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയ നടപടിയും സർക്കാരിന്റെ അനുമതി കൂടാതെ ജീവനക്കാരെ റഗുലറൈസ് ചെയ്ത നടപടിയും സാധൂകരിക്കണമെന്ന് പരാമർശം (5), (6), (7), (8) പ്രകാരം ഫാർമസി കൗൺസിൽ രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു.

4. ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ) , ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ് (എൽ.ഡി ക്ലർക്ക്) എന്നീ ജീവനക്കാർ 23 വർഷത്തിലേറെയായി കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ അനുവദനീയ തസ്തികകളിൽ ജോലി ചെയ്തു വരുന്നു. കൂടാതെ നിയമന ഉത്തരവ് പ്രകാരം അന്നത്തെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള സ്കെയിലും തുടർന്ന് അതത് കാലത്തെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യങ്ങളും വാർഷിക വേതനവർദ്ധനവുകളും കൗൺസിൽ തീരുമാന പ്രകാരം ഇവർക്ക് അനുവദിക്കപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ 7,8,9 ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ കേരള സംസ്ഥാന ഫാർമസി കൗൺസിലിലെ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ ഫാർമസി കൗൺസിലിന്റെ നടപടിയും, കേരള സംസ്ഥാന ഫാർമസി കൗൺസിലിലെ സർക്കാർ അംഗീകൃത തസ്തികയിൽ പത്ര പരസ്യത്തിന്റേയും, അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ ഓപ്പൺ കോമ്പറ്റീഷൻ മുഖേന വ്യവസ്ഥാപിതമായ രീതിയിൽ നിയമിതരായ ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ), ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ് (എൽ.ഡി ക്ലർക്ക്) എന്നിവരെ റഗുലറൈസ് ചെയ്ത നടപടിയും സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള സംസ്ഥാന ഫാർമസി കൗൺസിൽ, തിരുവനന്തപുരം
ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ), കേരള സംസ്ഥാന ഫാർമസി കൗൺസിൽ, തിരുവനന്തപുരം

ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), കേരള സംസ്ഥാന ഫാർമസി കൗൺസിൽ, തിരുവനന്തപുരം
ശ്രീമതി.ഗീത.സി.എസ്സ്(യു.ഡി ക്ലർക്ക്), കേരള സംസ്ഥാന ഫാർമസി കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ് (07/05/2025 -ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നമ്പർ 2934 പ്രകാരം)
ധനകാര്യവകുപ്പ്(30.09.24 ലെ കുറിപ്പ് നം.2342531/HLT-B2/23/2023-FIN പ്രകാരം)
നിയമവകുപ്പ്( 31.01.2025 ലെ കുറിപ്പ് നം.OPN-F2/5/2025-LAW പ്രകാരം)
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ )വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (എഫ്1/181/2020-ആരോഗ്യം നമ്പർ ഫയലിലേയ്ക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 11-05-2025 20:53:18

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-05-2025**

ഫയൽ നം. എഫ്1/181/2020/ആകുവ. ഇനം നം: 2934

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - 7, 8, 9-ാമത് ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഫാർമസി കൗൺസിൽ ജീവനക്കാർക്ക് അനുവദിച്ച കൗൺസിൽ നടപടിയും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കൗൺസിൽ നടപടിയും സാധൂകരിക്കുന്നത്.

തീരുമാനം : കടുത്ത അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

2934

**കേരള സർക്കാർ**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ. | : എഫ് 1/181/2020/ആകുവ |
| 2. | വകുപ്പ് | : ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് |
| 3. | വിഷയം | : 7, 8, 9-ാമത് ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഫാർമസി കൗൺസിൽ ജീവനക്കാർക്ക് അനുവദിച്ച കൗൺസിൽ നടപടിയും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കൗൺസിൽ നടപടിയും സാധൂകരിക്കുന്നത്- സംബ. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 23/03/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷൈജ.സി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 29/03/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24/04/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 28/04/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 29/04/2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ദിവസവേതനക്കാരായ ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീ.സതീഷ് കുമാർ .ബി (ഡ്രൈവർ), ശ്രീമതി.ഗീത.സി.എസ്സ്. (എൽ.ഡി.ക്ലാർക്ക്) എന്നിവരെ സ്ഥിരപ്പെടുത്തിയതും, അതുപോലെ ഫാർമസി കൗൺസിൽ ജീവനക്കാർക്ക് സർക്കാർ അനുമതി ഇല്ലാതെ 7, 8, 9 ശമ്പള പരിഷ്കരണ ആനുകൂല്യം അനുവദിച്ച കൗൺസിൽ നടപടിയും സാധൂകരിക്കുന്നത് സംബന്ധിച്ച കുറിപ്പാണിത്.

2. ഫാർമസി ആക്ട് 1948-ലെ 19-ആം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സംസ്ഥാന ഫാർമസി കൗൺസിൽ. 1948-ലെ ഫാർമസി ആക്ടിന്റെ സെക്ഷൻ 26 പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി സംസ്ഥാന ഫാർമസി കൗൺസിലിലേയ്ക്ക് ജീവനക്കാരെ കൗൺസിലിന് നിയമിക്കാവുന്നതാണ്.

3. ചട്ട പ്രകാരം കേരള സംസ്ഥാന ഫാർമസി കൗൺസിലിലെ സേവനത്തിന് പെൻഷൻ നല്കാവുന്നതും അപ്രകാരം ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് സ.ഉ(കൈ).നം.33/93/ആ.കു.വ തീയതി 08/03/1993 പ്രകാരവും ആയതിന്റെ നടപടി ക്രമം സ.ഉ(കൈ).നം.89/94/ആ.കു.വ തീയതി 22/04/1994 പ്രകാരവുമാണ് നടത്തി വരുന്നത്. പെൻഷനാകുന്ന ജീവനക്കാരുടെ യോഗ്യതയുള്ള സേവന കാലവും പെൻഷൻ കണക്കാക്കുന്നതിനായുള്ള വേതനവും മറ്റും കണക്കാക്കി നൽകുന്നതിനുള്ള അധികാരം ഫാർമസി കൗൺസിലിനും പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിനുമാണ്. അക്കൗണ്ടന്റ് ജനറൽ ഇതിൽ കൃത്യത പരിശോധിക്കുകയും അത് അംഗീകരിക്കുകയും ചെയ്യും. ഇതിനായുള്ള ചെലവ് കേരള സംസ്ഥാന ഫാർമസി കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്.

4. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജീവനക്കാർക്ക് 7, 8, 9 ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ അനുവദിച്ച ഫാർമസി കൗൺസിലിന്റെ നടപടിയും, സർക്കാരിന്റെ അനുമതി കൂടാതെ ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ) , ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ്. (എൽ.ഡി.ക്ലാർക്ക്) എന്നീ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടിയും സാധൂകരിക്കുന്നതിനായി ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു. ആയതു പ്രകാരം മന്ത്രിസഭയ്ക്കുള്ള കുറിപ്പ് സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ "ദിവസവേതനക്കാരായ ശ്രീമതി.ചിത്ര.എ(കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീ.സതീഷ് കുമാർ.ബി(ഡ്രൈവർ), ശ്രീമതി.ഗീത.സി.എസ്സ്. (എൽ.ഡി.ക്ലാർക്ക്) എന്നിവരെ അന്ന് സ്ഥിരപ്പെടുത്തിയ നടപടി UMADEVI കേസിൽ ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച നിർ

ദ്ദേശങ്ങളുടെ ലംഘനമാകുമോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം മന്ത്രിസഭയ്ക്കുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും, ഇക്കാര്യം പരിശോധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ കുറിപ്പ് സമർപ്പിക്കുവാൻ" ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

5. പ്രസ്തുത വിഷയത്തിൽ നിയമ വകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി (കുറിപ്പ് #56).

'റെഗുലറൈസേഷൻ സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ സുസ്ഥാപിതമായ മാനദണ്ഡങ്ങൾ ഇപ്രകാരമാണ്. പബ്ലിക്ക് എംപ്ലോയ്മെന്റിൻ കീഴിൽ വരുന്ന തസ്തികകളിലേയ്ക്ക് വ്യവസ്ഥാപിതമായ രീതിയിൽ നിയമനം നടത്താതെ ദിവസ വേതനത്തിലും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ഭരണഘടന ഉറപ്പ് നൽകുന്ന അവസര സമത്വം തുല്യനീതി തുടങ്ങിയ മൗലിക തത്വങ്ങൾക്ക് വിരുദ്ധമാണ്. കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് കരാർ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ. കരാർ കാലാവധി അവസാനിക്കുമ്പോൾ അവരുടെ നിയമനവും പര്യവസാനിക്കും. തുല്യ യോഗ്യതയുള്ളവർക്ക് അവസരസമത്വം നൽകിക്കൊണ്ടും സംവരണ തത്വം ബാധകമായ ഇടങ്ങളിൽ അത് പാലിച്ചു കൊണ്ടും വേണം നിയമനങ്ങൾ നടത്തേണ്ടത്. ചട്ടങ്ങൾക്കനുസൃതമായി ഓപ്പൺ കോംപറ്റീഷൻ മുഖാന്തിരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ടി തസ്തികയിലെ നിയമനം അവകാശമായി ആവശ്യപ്പെടുവാൻ അർഹതയുള്ളൂ. യഥാവിധി അനുവദിച്ച തസ്തികകളിൽ (sanctioned post) ക്രമരഹിതമായി നിയമിക്കപ്പെട്ട് 10 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ക്രമവൽക്കരണം ഉമാദേവി കേസിന്റെ വിധിയിലെ തത്വങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതാണ്. ടി ആവശ്യത്തിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒറ്റ തവണ ഇളവ് (one time measure) അനുവദിക്കുന്നതിനുള്ള നടപടികൾ 6 മാസത്തിനുള്ളിൽ കൈക്കൊള്ളാവുന്നതും എന്നാൽ നിയമാനുസൃതമല്ലാത്ത നിയമനങ്ങൾ (Illegal appointments) ക്രമവൽക്കരിക്കുന്നതിന് വ്യവസ്ഥയില്ലാത്തതുമാണ്. പബ്ലിക്ക് എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങളിൽ സുതാര്യത അനിവാര്യമായ ഘടകമാണ്. ഓരോ തസ്തികയിലെയും ഒഴിവുകളുടെ എണ്ണം, യോഗ്യത, മറ്റ് മാനദണ്ഡങ്ങൾ എന്നിവയും, നിയമനങ്ങൾ അനുശാസിക്കുന്ന ചട്ടം, അവ ഇല്ലാത്ത സാഹചര്യങ്ങളിൽ തെരഞ്ഞെടുപ്പ് പ്രക്രിയ എന്നിവ ഉൾപ്പെടുത്തി കൃത്യതയോടും വ്യക്തമായും വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

State of Karnataka Vs. M.L. Kesari എന്ന കേസിലെ 03/08/2010-ലെ ബഹു. സുപ്രീം കോടതി വിധിയിൽ എന്താണ് ക്രമരഹിത നിയമനം എന്ന് പരിശോധിച്ചിട്ടുള്ളതും ഉമാദേവി കേസിന്റെ 10/04/2006-ലെ വിധിയിൽ വ്യക്തത വരുത്തിയിട്ടുള്ളതുമാണ്.

(i) The employee concerned should have worked for 10 years or more in duly sanctioned post without the benefit or protection of the interim order of any court or tribunal. In other words, the State Government or its instrumentality should have employed the employee and

continued him in service voluntarily and continuously for more than ten years. (ii) The appointment of such employee should not be illegal, even if irregular. Where the appointments are not made or continued against sanctioned posts or where the persons appointed do not possess the prescribed minimum qualifications, the appointments will be considered to be illegal. But where the person employed possessed the prescribed qualifications and was working against sanctioned posts, but had been selected without undergoing the process of open competitive selection, such appointments are considered to be irregular.

(iii) The employees who were entitled to be considered in terms of para 53 of the decision in Umadevi, will not lose their right to be considered for regularisation, merely because the one-time exercise was completed without considering their cases, or because the 6 month period mentioned in para 44 of Umadevi has expired. The one-time exercise should consider all daily-wage/adhoc/those employees who had put in 10 years of continuous service as on 10/04/2006 without availing the protection of any interim orders of Courts or Tribunals.

അനുവദിക്കപ്പെട്ട തസ്തികകളിൽ ക്രമരഹിതമായി നിയമിക്കപ്പെട്ട ജീവനക്കാർ, 10 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ടി ജീവനക്കാരെ ഒറ്റ തവണ പരിഹാര മാർഗ്ഗമെന്ന നിലയിൽ ക്രമവൽക്കരിക്കേണ്ടതാണെന്ന് ടി കേസിലെ വിധിയിൽ പ്രതിപാദിച്ചിരിക്കുന്നു. ക്രമവൽക്കരണം ഒരു നിയമന രീതിയല്ല. കൂടാതെ ഭരണഘടന അനുച്ഛേദം 14, 16 എന്നിവ പാലിക്കാതെയുള്ള നിയമനങ്ങൾക്ക് ക്രമവൽക്കരണം വഴി സ്ഥിരത അനുവദിക്കുവാൻ സാധ്യമല്ല. നിയമാനുസൃത ഭരണ ആവശ്യകതയിലേയ്ക്ക് അവ്യാജമായി നടത്തിയ ക്രമരഹിത നിയമനങ്ങൾ സാധൂകരിക്കുന്നതിലേയ്ക്കുള്ള ക്രവൽക്കരണ സ്കീമിന് നിയമസാധുതയുള്ളതാണെന്ന് State of Jammu & Kashmir and Ors. Vs. District Bar Association, Bandipora (Civil Appeal 36084/2016) നമ്പർ കേസിൽ ബഹു. സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

ഉമാദേവി കേസിലെ വിധിന്യായമടക്കം പരിശോധിച്ച് കൊണ്ട് Upendara Singh Vs. State of Bihar and Ors.(AIR 2018 SC 1315) എന്ന കേസിൽ ബഹു. സുപ്രീം കോടതി 22/02/2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പ്രസ്താവിക്കപ്പെട്ട രാംസേവക് യാദവ് കേസിലെ വിധിന്യായത്തിന്റെ ഖണ്ഡിക 43(C), 43(D) എന്നിവയിൽ ഇപ്രകാരം പ്രതിപാദിച്ചിട്ടുള്ളതാണ്.

"43 (C) Irregular appointments can be regularized if the appointment was made by an authority competent to do so, it was made on a vacant sanctioned post, in accordance with Article 14 of the Constitution with equal opportunity for participation to others eligible by competitive selection and the candidate possessed the eligibility qualifications for a regular appointment to the post.

(D) The appointment must not have been an individual favour doled out to the appointee alone and the person must have continued in service for over ten years without intervention of any

court orders."

University of Delhi Vs. Delhi University Contract Employees Union and Anrs. (Civil Appeal No. 1007/2021 ) കേസിൽ 25/03/2021-ലെ ബഹു. സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങൾ ഉപ്രകാരമാണ്:-

"9..........................................................................................................

Relying on the concept of one-time measure elaborated in M.L. Kesari, it was observed:-

..........................................................................................................

6. The concept of a one-tiime measure was further explained in Kesari, in paras 9, 10 and 11 of the Report which read as follows:..........................................................................

11. The object behind the said direction in para 53 of Umadevi1 is two fold. First is to ensure that those who have put in more than ten years of continuous service without the protection of any interim orders of courts or tribunals, before the date of decision in Umadevi was rendered, are considered for regularisation in view of their long service. Second is to ensure that the departments/instrumentalities do not perpetuate the practice of employing persons on daily-wage/ad hoc/casual basis for long periods and then periodically regularise them on the ground that they have served for more than ten years, thereby defeating the constitutional or statutory provisions relating to recruitment and appointment. The true effect of the direction is that all persons who have worked for more than ten years as on 10-4-2006 [the date of decision in Umadevi1 without the protection of any interim order of any court or tribunal, in vacant posts, possessing the requisite qualification, are entitled to be considered for regularisation. The fact that the employer has not undertaken such exercise of regularisation within six months of the decision in Umadevi or that such exercise was undertaken only in regard to a limited few, will not disentitle such employees, the right to be considered for regularisation in terms of the above directions in Umadevi as a one-time measure.'

..........................................................................

12. It is true that, as on the day when the judgment in Umadevi was delivered by this Court, the contract employees had put in just about 3 to 4 years of service. But, as of now, most of them have completed more than 10 years of service on contract basis. Though the benefit of regularization cannot be granted, a window of opportunity must be given to them to compete with the available talent through public advertisement. A separate and exclusive test meant only for the contract employees will not be an answer as that would confine the zone of consideration to contract employees themselves. The modality suggested by the University, on the other hand, will give them adequate chance and benefit to appear in the ensuing selection."

അനുമതിയുള്ള തസ്തികകളിൽ സേവനമനുഷ്ഠിക്കാത്തതിനാൽ താൽക്കാലിക ജീവനക്കാർക്ക് ക്രമവൽക്കരണത്തിന് അർഹതയില്ലാത്തതും തുല്യ ജോലിയ്ക്ക് തുല്യ വേതനം എന്ന് തത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിര ജീവനക്കാരുടെ ശമ്പളം അവകാശപ്പെടുവാൻ അർ

ഹതയില്ലാത്തതാണെന്ന് UNION OF INDIA AND ORS. VS. IIMO DEVI AND ANR. CIVIL APPEAL NO. 5689-5690/2021 കേസിൽ ബഹു.സുപ്രീം കോടതിയുടെ 07/10/2021-ലെ വിധിയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിൽ കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ ശ്രീ.സതീഷ് കുമാർ.ബി, ശ്രീമതി.ചിത്ര.എ, ശ്രീമതി.ഗീത.സി.എസ്സ് എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ബഹു:സുപ്രീം കോടതിയുടെ മേൽ സൂചിപ്പിച്ചിരിക്കുന്ന ന്യായവിധികളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ഭരണവകുപ്പിനു സ്വീകരിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു.'

6. ശ്രീമതി.ചിത്ര.എ., ശ്രീമതി.ഗീത.സി.എസ്സ്, ശ്രീ.സതീഷ് കുമാർ.ബി, എന്നിവരുടെ നിയമനം പത്ര പരസ്യത്തിന്റേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ ഓപ്പൺ കോമ്പറ്റീഷൻ മുഖാന്തിരം വ്യവസ്ഥാപിതമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് ഫാർമസി കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാളുകൾ, യഥാക്രമം 23, 22, 22 വർഷമായി കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ ജോലി ചെയ്തു വരികയാണെന്നും രജിസ്ട്രാറുടെ റിപ്പോർട്ടിൽ പറയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയില്ലാതെ ഫാർമസി കൗൺസിൽ ജീവനക്കാർക്ക് 7,8,9 ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച വിഷയത്തിലും, ശ്രീ.സതീഷ് കുമാർ.ബി, ശ്രീമതി.ചിത്ര.എ, ശ്രീമതി.ഗീത.സി.എസ്സ് എന്നിവരെ സ്ഥിരപ്പെടുത്തിയ വിഷയത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ആയത് ചുവടെ ചേർക്കുന്നു.

<u>കുറിപ്പ് 111:</u>

**'1. കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിലെ ജീവനക്കാർക്ക് 7, 8, 9 സംസ്ഥാന ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചതിന് സാധൂകരണം നൽകാവുന്നതാണ്.**

**2. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ബോർഡുകൾ മുതലായവയും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും സംസ്ഥാന ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനു മുൻപ് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണെന്ന് പേ റിവിഷൻ ഉത്തരവുകളിൽ കാലാകാലങ്ങളായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതിനാൽ, സർക്കാർ അനുമതിയോടെ മാത്രമേ കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിൽ തുടർന്നുള്ള ശമ്പള പരിഷ്കരണങ്ങൾ അനുവദിക്കാൻ പാടുള്ളൂ എന്ന് കൗൺസിലിന് കർശന നിർദ്ദേശം നൽകേണ്ടതാണ്.**

**3. 10, 11 ശമ്പള പരിഷ്ക്കരണങ്ങൾ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ 24/08/2023 തീയതിയിലെ നം.85/2023/ധന സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള വിശദാംശങ്ങൾ സഹിതം സർക്കാരിൽ സമർപ്പിക്കാൻ കൗൺസിലിന് നിർദ്ദേശം നൽകാവുന്നതാണ്.'**

<u>കുറിപ്പ് 122:</u>

' നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും ബഹു:സുപ്രീം കോടതിയുടെ

**ന്യായവിധികളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഫാർമസി കാൺസിലിൽ ദിവസവേതനക്കാരായ ശ്രീ. സതീഷ് കുമാർ ബി., ശ്രീമതി. ചിത്ര എ., ശ്രീമതി.സി.എസ്.ഗീത എന്നിവരെ സർക്കാർ അംഗീകാരമില്ലാതെ സ്ഥിരപ്പെടുത്തിയ ഫാർമസി കൗൺസിൽ നടപടി സാധൂകരിക്കുന്ന വിഷയത്തിൽ ഭരണവകുപ്പിന് തന്നെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു.'**

7. ശ്രീ.സതീഷ് കുമാർ.ബി, ശ്രീമതി.ചിത്ര.എ, ശ്രീമതി.ഗീത.സി.എസ്സ് എന്നിവരുടെ നിയമനം പത്ര പരസ്യത്തിന്റെയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ഓപ്പൺ കോംപറ്റീഷൻ മുഖാന്തിരം വ്യവസ്ഥാപിതമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമായ തെളിവുകൾ സഹിതം ഫാർമസി കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ജീവനക്കാരുടെ നിയമനം സാധൂകരിക്കുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ഒന്നുകൂടി തേടിയതിൽ ടി വകുപ്പ് ചുവടെ പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

**'ധനകാര്യ വകുപ്പിന്റെ അഭിപ്രായം പരിശോധിച്ചതിൽ, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിലെ ജീവനക്കാർക്ക് 7,8,9 ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ അനുവദിച്ചതിന് സാധൂകരണം നല്കിയിട്ടുള്ളതായി കാണുന്നു. ഭരണ വകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിലെ ജീവനക്കാരായ ശ്രീ. സതീഷ് കുമാർ ബി. (ഡ്രൈവർ), ശ്രീമതി ചിത്ര എ. (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി ഗീത സി.എസ്സ്. (എൽ.ഡി ക്ലാർക്ക്) എന്നീ ജീവനക്കാരെ ഫാർമസി കൗൺസിൽ, സർക്കാർ അനുമതി കൂടാതെ, 03-08-2002 തീയതിയിലെ ജനറൽ കൗൺസിൽ തീരുമാനപ്രകാരം റെഗുലറൈസ് ചെയ്തിട്ടുള്ളതായും കാണുന്നു. മേൽ വസ്തുതകളും നിയമവകുപ്പ് ഒപ്പീനിയൻ-എഫ്2/53/2022-നിയമം ഫയലിൽ 18/06/2022 തീയതിയിൽ ലഭ്യമാക്കിയ നിയമോപദേശവും പരിഗണിച്ച് ഈ വിഷയത്തിൽ ഭരണ വകുപ്പിന് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. '**

8. 1948-ലെ ഫാർമസി ആക്ടിന്റെ സെക്ഷൻ 26 പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി സംസ്ഥാന ഫാർമസി കൗൺസിലിലേയ്ക്ക് ജീവനക്കാരെ കൗൺസിലിന് നിയമിക്കാവുന്നതാണ്. സർക്കാർ അനുവദിക്കപ്പെട്ട തസ്തികകളിലാണ് ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ), ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ് (എൽ.ഡി ക്ലാർക്ക്) എന്നീ ജീവനക്കാരെ താല്ക്കാലികാടിസ്ഥാനത്തിൽ കൗൺസിൽ നിയമിക്കുകയും 03/08/2002-ന് നടന്ന 32-മത് ജനറൽ കൗൺസിൽ തീരുമാനപ്രകാരം ഇവരുടെ നിയമനം സർക്കാരിന്റെ അനുമതി കൂടാതെ റഗുലറൈസ് ചെയ്യുകയുമുണ്ടായത്. ടി നിയമനങ്ങളെല്ലാം പത്ര പരസ്യത്തിന്റെയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ഓപ്പൺ കോംപറ്റീഷൻ മുഖാന്തിരം വ്യവസ്ഥാപിതമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് ഫാർമസി കൗൺസിൽ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. യഥാവിധി അനുവദിച്ച തസ്തികകളിൽ (sanctioned post) ക്രമരഹിതമായി നിയമിക്കപ്പെട്ട് 10 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരെ ഒറ്റ തവണ പരിഹാര മാർഗ്ഗമെന്ന നിലയിൽ ക്രമവൽക്കരിക്കേണ്ടതാണെന്ന് ഉമാദേവി കേസിന്റെ

വിധിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ) , ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ് (എൽ.ഡി ക്ലർക്ക്) എന്നീ ജീവനക്കാർ 22 വർഷത്തിലേറെയായി കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ അനുവദനീയ തസ്തികകളിൽ ജോലി ചെയ്തു വരുന്നു. കൂടാതെ നിയമന ഉത്തരവ് പ്രകാരം അന്നത്തെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള സ്കെയിലും തുടർന്ന് അതത് കാലത്തെ ശമ്പളപരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യങ്ങളും വാർഷിക വേതനവർദ്ധനവുകളും കൗൺസിൽ തീരുമാനപ്രകാരം ഇവർക്ക് അനുവദിക്കപ്പെട്ടിട്ടുണ്ട്.

10. കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലെ ജീവനക്കാർക്ക് 7, 8, 9 സംസ്ഥാന ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ സർക്കാർ അനുമതിയില്ലാതെ അനുവദിച്ച നടപടി സാധൂകരിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നല്കിയിട്ടുണ്ട്. ബഹു:സുപ്രീം കോടതിയുടെ ന്യായവിധികളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ ദിവസവേതനക്കാരായ ശ്രീ. സതീഷ് കുമാർ ബി., ശ്രീമതി. ചിത്ര എ., ശ്രീമതി.ഗീത.സി.എസ്സ് എന്നിവരെ സർക്കാർ അംഗീകാരമില്ലാതെ സ്ഥിരപ്പെടുത്തിയ ഫാർമസി കൗൺസിൽ നടപടി സാധൂകരിക്കുന്ന വിഷയത്തിൽ ഭരണ വകുപ്പിന് തന്നെ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പും നിയമ വകുപ്പും അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സമാന സാഹചര്യത്തിൽ സർക്കാരിന്റെ അനുമതിയില്ലാതെ കൗൺസിൽ നിയമിച്ചതും, യഥാക്രമം 2017, 2018 വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിൽ നിന്നും വിരമിച്ചതുമായുള്ള ശ്രീ.ഫ്രാൻസിസ്.റ്റി, ശ്രീമതി.നഫീസ.ഒ.കെ എന്നിവരുടെ നിയമനം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സാധൂകരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ട്. ശ്രീ.സതീഷ് കുമാർ.ബി 2025 മെയ് മാസം വിരമിക്കുന്നുവെന്നും കാണുന്നു.

11. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ, സർക്കാർ അംഗീകാരമില്ലാതെ 7, 8, 9-ഉം ശമ്പളപരിഷ്കരണം കേരള സംസ്ഥാന ഫാർമസി കൗൺസിൽ ജീവനക്കാർക്ക് അനുവദിച്ച് നൽകിയ കൗൺസിൽ നടപടിയും, 23 വർഷത്തിലേറെയായി കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ താല്ക്കാലികാടിസ്ഥാനത്തിൽ സ്ഥിരം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സതീഷ് കുമാർ.ബി (ഡ്രൈവർ), ശ്രീമതി.ചിത്ര.എ (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീമതി.ഗീത.സി.എസ്സ് (എൽ.ഡി ക്ലാർക്ക്) എന്നിവരെ 03/08/2002-ന് നടന്ന 32-മത് ജനറൽ കൗൺസിൽ തീരുമാനപ്രകാരം സ്ഥിരപ്പെടുത്തിയ ഫാർമസി കൗൺസിൽ നടപടിയും സാധൂകരിച്ച് നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

1. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ 7,8,9 ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ കേരള സംസ്ഥാന ഫാർമസി കൗൺസിലിലെ ജീവനക്കാർക്ക് അനുവദിച്ച നൽകിയ ഫാർമസി കൗൺസിലിന്റെ നടപടി സാധൂകരിക്കാമോ ?

2. കേരള സംസ്ഥാന ഫാർമസി കൗൺസിലിലെ സർക്കാർ അംഗീകൃത തസ്തികയിൽ പത്ര പരസ്യത്തിന്റേയും, അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ ഓപ്പൺ കോമ്പറ്റീഷൻ മുഖേന നിയമിതരായ ദിവസവേതനക്കാരായ ചുവടെ ചേർക്കുന്ന ജീവനക്കാരെ സർക്കാർ അനുമതിയില്ലാതെ റഗുലറൈസ് ചെയ്ത കേരള സംസ്ഥാന ഫാർമസി കൗൺസിലിന്റെ നടപടി സാധൂകരിക്കാമോ?

1. ശ്രീമതി.ചിത്ര.എ – കമ്പ്യൂട്ടർ ഓപ്പറേറ്റർ
2. ശ്രീ.സതീഷ് കുമാർ.ബി – ഡ്രൈവർ
3. ശ്രീമതി.ഗീത.സി.എസ്സ്. – എൽ.ഡി.ക്ലർക്ക്